അംഗീകാരമില്ലാത്ത സ്കൂളുകൾ

205 [1603] ശ്രീ. ജോണി നെല്ലൂർ:
,, ഷിബു ബേബി ജോൺ:
,, ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

അംഗീകാരമില്ലാത്ത സ്കൂളുകളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു:

തിരുവനന്തപുരം	.. 230
കൊല്ലം	.. 245
ആലപ്പുഴ	.. 137
പത്തനംതിട്ട	.. 125
കോട്ടയം	.. 83
ഇടുക്കി	.. 91
എറണാകുളം	.. 105
തൃശ്ശൂർ	.. 65
പാലക്കാട്	.. 148
കോഴിക്കോട്	.. 117
മലപ്പുറം	.. 213
വയനാട്	.. 41
കണ്ണൂർ	.. 121
കാസർഗോഡ്	.. 117

പൊൻമുണ്ടം പഞ്ചായത്തിൽ ഹൈസ്ക്കൂൾ അനുവദിക്കാൻ നടപടി

206 [1605] ശ്രീ. പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിലെ പൊൻമുണ്ടം പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ പോലും ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ അനുവദിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly